പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(സി) 2013-14 വർഷത്തിൽ പട്ടികജാതി വിഭാഗക്കാരുടെ 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം 17,89,02,566 രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത 2555 പേരുടേയും വ്യവസായ വാണിജ്യ വകുപ്പിൽനിന്നും വായ്പാ എടുത്ത 256 പേരുടെയും ഖാദി ഗ്രാമവ്യവസായ ബോർഡിൽനിന്നും വായ്പ എടുത്ത 1834 പേരുടേയും വായ്പകൾ എഴുതിത്തള്ളി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഇനത്തിൽ 12,00,00,000 രൂപ സഹകരണ സംഘങ്ങളിൽനിന്നും വായ്പ എഴുതിത്തള്ളുന്നതിനുവേണ്ടി അനുവദിച്ചതാണ്. ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം കോ-ഓപ്പറേറ്റീവ് രജിസ്ട്രാറിൽ നിന്നും ശേഖരിച്ചുനൽകുന്നതാണ്.

പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ

294 (2850) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട് ; ഇതിന്റെ വാടകയിനത്തിൽ പ്രതിവർഷം എത്ര രൂപയാണ് നൽകിക്കൊണ്ടിരിക്കുന്നത് ;

(ബി) കോഴിക്കോട് ജില്ലയിൽ പട്ടികജാതി വകുപ്പിന് കീഴിൽ എത്ര ഏക്കർ ഭൂമി റസിഡൻഷ്യൽ സ്കൂളിനായി കൈവശമുണ്ട് ;

(സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉണ്ട്. ഇതിന്റെ വാടക ഇനത്തിൽ പ്രതിവർഷം 21,00,000 രൂപ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വാങ്ങിയ 10 ഏക്കർ സ്ഥലം അതിന്റെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ തന്നെ നിലനിർത്തി വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(സി) മരുതോങ്കരയിലെ പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 20-1-2014-ലെ സ.ഉ.(സാധാ) നമ്പർ 98/14/പജപവവിവ. പ്രകാരം ഉത്തരവാകുകയും കെട്ടിട നിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 21-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 356/2014/പജപവവിവ. പ്രകാരം 3,00,000 രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം

295 (2851) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-വർഗ്ഗ ക്ഷേമത്തിന് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി ക്ഷേമ പദ്ധതികളുടെ നിർവഹണ ചുമതല മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രഷറി ഇടപാട് നടത്തുന്നതിനുള്ള ഡി.ഡി.ഒ. കോഡ് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ തുക നടപ്പു സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly